**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **10-08-2023 - ൽ മറുപടിയ്ക്ക്**

**എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജ മണ്ഡലത്തിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ലെ തീരുമാനം കേന്ദ്ര വനം-വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ലെ തീരുമാനപ്രകാരം, വിശദമായ പ്രൊപ്പോസൽ, കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായുള്ള സത്വര നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത പ്രദേശത്തെ ജനവാസ മേഖലകൾ വനഭൂമിയിൽ നിന്ന് ഒഴിവാക്കുന്നതിനും പെരിയാർ കടുവാസങ്കേതത്തിന്റെ അതിർത്തി നിർണ്ണയത്തിൽ വ്യക്തത വരുത്തുന്നതിനുമായുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ തീരുമാനം കേന്ദ്ര വനം വന്യജീവി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ലെ തീരുമാനപ്രകാരം, വിശദമായ പ്രൊപ്പോസൽ, കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായുള്ള സത്വര നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ